പതിമൂന്നാം കേരള നിയമ സഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 90 — 8.3.2012 ൽ മറുപടിക്ക്

## മരുന്നുകളുടെ വില നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ :<br>ശ്രീ. തോമസ് ചാണ്ടി : | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) വിപണിയിൽ ഒരേ മരുന്നിന് പല വില ഈടാക്കുന്നത് നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) രാജ്യത്ത് ഔഷധങ്ങളുടെ വില നിശ്ചിക്കുന്നതും നിയന്ത്രിക്കുന്നതും കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി (NPPA) ആണ്. രാജ്യത്ത് 74 ഇനം മരുന്നുകളുടേയും അവയുടെ കോമ്പിനേഷനുകളുടേയും വിലകൾ മാത്രമാണ് നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ച് ഉറപ്പിച്ചിട്ടുള്ളത്. വില നിയന്ത്രണത്തിന് ഉൾപ്പെടാത്ത മരുന്നുകളാണ് പല വിലകളിൽ വിൽക്കപ്പെടുന്നത്. കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മരുന്നുവില ലംഘിച്ച് വിപണനം നടത്തുന്ന കമ്പനികളുടെയും വിതരണക്കാരുടെയും വിവരങ്ങൾ മാസാമാസം ഡ്രഗ്സ് കൺട്രോളർ നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിക്ക് നൽകി വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടി കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി നടപടി സ്വീകരിക്കുന്നുണ്ട് |
| (ബി) ജീവിതശൈലീ രോഗങ്ങൾക്ക് ഉൾപ്പെടെ ഉപയോഗിക്കുന്ന വിലയേറിയ മരുന്നുകൾ സൗജന്യമായോ കുറഞ്ഞ നിരക്കിലോ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി)ജീവൻരക്ഷാ മരുന്നുകൾ അടക്കമുള്ള 529 ഇനം അവശ്യമരുന്നുകൾ (essential drugs ) വിവിധ സർക്കാർ ആശുപത്രികളിൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ മുഖേന സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ നീതി മെഡിക്കൽ സ്റ്റോറുകൾ, മാവേലി മെഡിക്കൽ സ്റ്റോറുകൾ, സർക്കാർ ആശുപത്രികളിൽ പേയിങ് കൗണ്ടറുകൾ എന്നിവ മുഖേന വളരെ കുറഞ്ഞ നിരക്കിൽ മരുന്ന് വില്പന നടത്തുന്നുണ്ട്. |
| (സി) സംസ്ഥാനത്ത് പ്രമേഹ രോഗികളെ കണ്ടെത്താനുള്ള സർവ്വേ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് അത് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (സി) നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് കൺട്രോൾ പ്രോഗ്രാം (NCDP) ന്റെ ഭാഗമായി പ്രമേഹരോഗികളെ കണ്ടെത്താനുള്ള സർവ്വേ ആരംഭിച്ചിട്ടുണ്ട്. 2012 അവസാനത്തോടെ സർവ്വേ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ